1. ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് രണ്ട് ദിവസത്തെ പ്രത്യേക ചർച്ചയ്ക്ക് രാജ്യസഭയിൽ തുടക്കം. പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ചയ്ക്ക് നാളെ മറുപടി പറയും.

   **The Rajya Sabha today began a special discussion on the glorious journey of 75 years of the Constitution of India. Prime Minister Narendra Modi is expected to reply to the debate in Rajya Sabha tomorrow.**

2. തബല മാന്ത്രികൻ ഉസ്താദ് സാക്കിർ ഹുസൈന് വിട. ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിന് ആഗോളമുഖം നൽകിയ പ്രതിഭാശാലിയാണ് വിട വാങ്ങിയതെന്ന് പ്രധാനമന്ത്രി.

   **Tabla maestro Ustad Zakir Hussain passes away. The Prime Minister said that he was a genius who gave a global face to Indian classical music.**

3. രാജ്യം ഇന്ന് വിജയ് ദിവസ് ആഘോഷിക്കുന്നു. ധീര സൈനികർക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

   **The nation celebrates Vijay Diwas. President, Vice President, Prime Minister and other dignitaries have extended wishes to the brave soldiers.**

4. ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയ്ക്ക് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം.

   **Sri Lankan President Anura Kumara Dissanayake accorded a ceremonial welcome at Rashtrapati Bhavan.**

5. 29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ നാലാം ദിവസവും മികച്ച പ്രേക്ഷക പങ്കാളിത്തം. ഇന്ന് 67 സിനിമകൾ പ്രദർശിപ്പിക്കുന്നു.

**The 29th International Film Festival of Kerala (IFFK) witnessed immense audience participation on the fourth day. Today, 67 films are being screened.**

6. ലോക ചെസ്സ് ചാമ്പ്യൻ കിരീടം നേടി തിരിച്ചെത്തിയ ഡി.ഗുകേഷിന് ചെന്നൈ വിമാനത്താവളത്തിൽ വൻ സ്വീകരണം .

**D. Gukesh, who returned after winning the World Chess Champion title, was accorded a grand welcome at the Chennai airport.**

&&&&&&&&&&&&&&&&

# HEADLINE – 1

## Parliament discussion-INTRO

ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തിന്റെ ഭാഗമായി രണ്ട് ദിവസത്തെ പ്രത്യേക ചർച്ചയ്ക്ക് ഇന്ന് രാജ്യസഭയിൽ തുടക്കമായി. ഇന്ത്യയെ കെട്ടിപ്പടുക്കാനുള്ള പ്രതിജ്ഞാബദ്ധത ആവർത്തിക്കേണ്ട സമയമാണിതെന്ന് ചർച്ചക്ക് തുടക്കമിട്ടുകൊണ്ട് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു.

ഭരണഘടനാ നിർമാണ സഭയിൽ അംഗങ്ങളായിരുന്ന 15 വനിതകൾ ഉൾപ്പെടെയുള്ളവർക്ക് ധനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യസഭയിൽ ചർച്ചയ്ക്ക് മറുപടി നൽകും. കഴിഞ്ഞ ദിവസങ്ങളിൽ ലോക്സഭയിലും ചർച്ച നടന്നിരുന്നു.

&&&&&&&&&&&&&&&&

# HEADLINE – 2

## ZAKIR HUSSAIN

തബല മാന്ത്രികൻ ഉസ്താദ് അല്ലാ രഖാ സാക്കിർ ഹുസൈൻ വിടവാങ്ങി.73 വയസ്സായിരുന്നു. ഹൃദയ സംബന്ധമായ അസുഖങ്ങളെ

തുടർന്ന് സാൻ ഫ്രാൻസിസ്കോയിലെ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് അന്ത്യം. ആറ് പതിറ്റാണ്ട് നീണ്ട കലാജീവിതത്തിൽ നാല് ഗ്രാമി അവാർഡുകൾ സാക്കീർ ഹുസൈൻ നേടി. 1988- പത്മശ്രീയും 2002-ൽ പത്മഭൂഷണും 2023-ൽ പത്മവിഭൂഷണും നൽകിന് രാജ്യം ആദരിച്ചിട്ടുണ്ട്. ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിന് ആഗോളമുഖം നൽകിയ പ്രതിഭാശാലിയെയാണ് നഷ്ടമായതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

# HEADLINE – 4

## DAY PREZ SRI LANKA - INDIA

ഇന്ത്യയിലെത്തിയ ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയക്ക് ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചേർന്ന് ശ്രീലങ്കൻ പ്രസിഡനിനെ സ്വീകരിച്ചു. രാജ്ഘട്ടിലെത്തിയ അനുര കുമാര ദിസനായകെ രാഷ്ട്ര പിതാവ് മഹാത്മ ഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രീലങ്കൻ പ്രസിഡന്റും തമ്മിൽ ഉഭയകക്ഷി ചർച്ച പുരോഗമിക്കുകയാണ്.
മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്നലെയാണ് ശ്രീലങ്കൻ പ്രസിഡന്റ് എത്തിയത്. ബിഹാറിലെ ബോധഗയയും അദ്ദേഹം സന്ദർശിക്കും.

&&&&&&&&&&&&&&&&&

# HEADLINE – 3

## VIJAY DIWAS

രാജ്യം ഇന്ന് വിജയ് ദിവസ് ആഘോഷിക്കുന്നു. 1971-ലെ യുദ്ധത്തിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ നേടിയ വിജയത്തിന്റെ സ്മരണയ്ക്കായാണ് വിജയ് ദിവസ്. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി,

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്, മറ്റ് കേന്ദ്ര മന്ത്രിമാർ തുടങ്ങിയവർ ധീര സൈനികർക്ക് വിജയ് ദിവസ് ആശംസകൾ നേർന്നു. 1971-ലെ യുദ്ധത്തിലാണ് പാകിസ്ഥാൻ സേനാ മേധാവി ജനറൽ എഎ ഖാൻ നിയാസിയും 93,000 സൈനികരും ഇന്ത്യൻ സൈന്യവും മുക്തി ബാഹിനിയും അടങ്ങുന്ന സഖ്യസേനയ്ക്ക് മുന്നിൽ നിരുപാധികം കീഴടങ്ങിയത്.

&&&&&&&&&&&&&&&&&

## VP-DEFENCE ESTATES LECTURE

രാജ്യത്തെ ഡിഫെൻസ് എസ്റ്റേറ്റുകൾ സ്വയം പര്യാപ്ത ആവാസ വ്യവസ്ഥയായി വികസിപ്പിക്കുന്നതിന് പ്രാധാന്യം നൽകണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിൽ ഏഴാമത് ഡിഫൻസ് എസ്റ്റേറ്റ് ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വികസനം, ദേശീയത, സുരക്ഷ, ജനങ്ങളുടെ ക്ഷേമം എന്നിവ ഭരണഘടനയുടെ ആമുഖത്തിലൂടെ നോക്കി കാണണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&

## PM - National Conference

ചെറുനഗരങ്ങളിൽ സംരംഭകർക്ക് യോജിക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് മുൻകൈയെടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. ന്യൂഡൽഹിയിൽ ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജനകീയ പങ്കാളിത്തം ഉറപ്പാക്കി സംസ്ഥാനങ്ങൾ ഭരണ മാതൃക പരിഷ്കരിക്കണം. പ്രകടനം, പരിവർത്തനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## MOLDOVA-ISA

അന്താരാഷ്ട്ര സൗര സഖ്യത്തിൽ ചേരുന്നതിനുള്ള കരാറിൽ മോൾഡോവ ഒപ്പുവെച്ചു. ഇതോടെ സഖ്യത്തിലെ അംഗത്വം മോൾഡോവയ്ക്ക് ഔദ്യോഗികമായി ലഭിച്ചു. ശുദ്ധ ഊർജ്ജം, സുസ്ഥിരത

തുടങ്ങിയവയ്ക്കായി ആഗോള തലത്തിൽ നടക്കുന്ന കൂട്ടായ പരിശ്രമങ്ങളിൽ പങ്കുചേരാൻ മോൾഡോവയെ ഇന്ത്യ സ്വാഗതം ചെയ്യുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധിർ ജയ്സ്വാൾ സമൂഹ മാധ്യമത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&

**NEPAL-COAS**

നേപ്പാൾ കരസേനാ മേധാവി ജനറൽ അശോക് രാജ് സിഗ്ഡൽ ഇന്ത്യയിലെ ഔദ്യോഗിക സന്ദർശനം പൂർത്തിയാക്കി കാഠ്മണ്ഡുവിലേക്ക് മടങ്ങി. രാഷ്ട്രപതി ദ്രൗപതി മുർമു ജനറൽ സിഗ്ഡലിന് ഇന്ത്യൻ ആർമിയുടെ ഓണററി ജനറൽ പദവി നൽകി ആദരിച്ചിരുന്നു. സന്ദർശന വേളയിൽ, ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്ത അദ്ദേഹം ഇന്ത്യൻ മിലിട്ടറി അക്കാദമിയുടെ യുദ്ധസ്മാരകത്തിൽ പുഷ്പചക്രവും സമർപ്പിച്ചു. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, തുടങ്ങിയവരുമായും അശോക് രാജ് സിഗ്ഡൽ കൂടിക്കാഴ്ച നടത്തിയിരുന്നു.

&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..........

&&&&&&&&&&&&&&&&

**AMIT SHAH MAOIST (INTRO)**

**കീഴടങ്ങിയ മാവോയിസ്റ്റുകളുടെയും നക്സൽ അക്രമത്തിനിരയായവരുടേയും ക്ഷേമത്തിനായി സർക്കാർ സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് വരികയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ . ഛത്തീസ്ഗഡ്ഡിലെ ജഗദൽപൂരിൽ കീഴടങ്ങിയ മാവോയിസ്റ്റുകളുമായും അവരുടെ കുടുംബങ്ങളുമായും ആശയവിനിമയം നടത്തുകയായിരുന്നു അദ്ദേഹം.**

(വോയിസ്)

&&&&&&&&&&&&&&&&

# HEADLINE – 5

**I F F K**

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ നാലാം ദിവസമായ ഇന്ന് വിവിധ വിഭാഗങ്ങളിലായി 67 സിനിമകൾ പ്രദർശിപ്പിക്കുന്നു. മേളയ്ക്ക് മികച്ച പ്രേക്ഷക പങ്കാളിത്തമാണ് ലഭിക്കുന്നത്. അകിറ കുറൊസാവയുടെ 'സെവൻ സമുറായ്', ഇറാനിയൻ ചിത്രം 'മീ മറിയം ദ ചിൽഡ്രൻ ആൻഡ് 26 അദേഴ്സ്', 'ബോട്ട് പീപ്പിൾ', തുടങ്ങിയ ചിത്രങ്ങളാണ് ഇന്നത്തെ പ്രധാന ആകർഷണം. അപ്പുറം, മുഖകണ്ണാടി, വിക്ടോറിയ, കിഷ്കിന്ധാകാണ്ഡം, വെളിച്ചം തേടി, സൗദി വെള്ളക്ക എന്നിവയാണ് ഇന്ന് പ്രദർശിപ്പിക്കുന്ന മലയാളം സിനിമകൾ.

&&&&&&&&&&&&&&&&&

**WYANAD – OR KELU**

വയനാട്ടിൽ ആദിവാസി യുവാവിനെ റോഡിലൂടെ കാറിൽ വലിച്ചിഴച്ച സംഭവത്തിൽ വധശ്രമത്തിന് മാനന്തവാടി പോലീസ് കേസെടുത്തു. വയനാട് പയ്യംമ്പള്ളി കുടൽ കടവിൽചെക്ക് ഡാം കാണാനെത്തിയ രണ്ട് സംഘങ്ങൾ തമ്മിൽ വാക്കുതർക്കത്തെ തുടർന്നാണ് സംഭവം.

&&&&&&&&&&&&&&&&&

# HEADLINE – 6

**D.GUKESH-CHESS CHAMPION**

ലോക ചെസ്സ് ചാമ്പ്യൻ ഡി.ഗുകേഷ് ഇന്ത്യയിൽ തിരിച്ചെത്തി. ചെന്നൈ വിമാനത്താവളത്തിൽ എത്തിയ ഗുകേഷിന് തമിഴ്നാട് കായിക വകുപ്പിന്റെ നേതൃത്വത്തിൽ വൻ സ്വീകരണമാണ് ഒരുക്കിയത്. സിംഗപ്പൂരിൽ നടന്ന ഫിഡെ ലോക ചെസ്സ് ചാമ്പ്യൻഷിപ്പിൽ ജയിച്ച ഗുകേഷ് ഏറ്റവും പ്രായം കുറഞ്ഞ ലോക ചെസ് ചാമ്പ്യൻ എന്ന ബഹുമതിയും സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## CRICKET – IND VS AUS

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ബോർഡർ ഗാവസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 445 റൺസെടുത്തു. ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുകയാണ്. മഴ കാരണം കളിയുടെ ഗതിയിൽ തുടക്കത്തിൽ തടസ്സം നേരിട്ടിരുന്നു. 48 റൺസ് എടുക്കുന്നതിനിടെ ഇന്ത്യക്ക് 4 വിക്കറ്റുകൾ നഷ്ടപ്പെട്ടു .ശുഭ് മാൻ ഗില്ലും യശ്വസി ജയ്സ്വളും ഔട്ടായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 4 വിക്കറ്റ് നഷ്ടത്തിൽ 51 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&

## T-20 ASIA CUP

ക്വാലാലംപൂരിൽ നടന്ന വനിതകളുടെ അണ്ടർ 19 ടി- 20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് ഒമ്പത് വിക്കറ്റ് വിജയം. ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാന് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 67 റൺസ് എടുത്തു. ഇന്ത്യ എട്ടാം ഓവറിൽ വിജയലക്ഷ്യം മറികടന്നു.

&&&&&&&&&&&&&&&&

## HOCKEY – INDIA

ഒമാനിലെ മസ്കറ്റിൽ നടന്ന വനിതാ ജൂനിയർ ഏഷ്യാ കപ്പ് ഹോക്കിയിൽ ഇന്ത്യ ജേതാക്കളായി. പെനാൽറ്റി ഷൂട്ടൗട്ടിൽ ചൈനയെ രണ്ടിനെതിരെ മൂന്ന് ഗോളുകൾ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ടീം കിരീടം നിലനിർത്തിയത്.12 ഗോളുകളുമായി ഇന്ത്യയുടെ ദീപിക സെഹ്രാവത്താണ് ടൂർണമെൻ്റിലെ ടോപ് സ്കോറർ.

&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തോടെ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 535 പോയിൻറ് താഴ്ന്ന് 81,598- ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 156 പോയിൻറ് നഷ്ടത്തിൽ 24,612-ലും വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ മാറ്റമില്ല. സ്വർണം ഗ്രാമിന് 7,140 രൂപയും, പവന് 57,120 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്തിൻറെ 117-ാ‍ം പതിപ്പ് ഈ മാസം 29-ന്. പരിപാടിയ്ക്കായുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഈ മാസം 27 വരെ സമർപ്പിക്കാം.

1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും നരേന്ദ്ര മോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും അഭിപ്രായങ്ങൾ അറിയിക്കാം.

&&&&&&&&&&&&&&&&

**ISRAEL -SETTLEMENT EXPANSION**

ഗോലാൻ കുന്നുകളിലെ വാസസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് ഇസ്രായേൽ അംഗീകാരം നൽകി. ഇതിനായി 11.13 മില്യൺ ഡോളർ അനുവദിച്ചു. സിറിയയിലെ സമീപകാല രാഷ്ട്രീയ പ്രക്ഷോഭത്തെ തുടർന്ന് പ്രാദേശിക സംഘർഷങ്ങൾ രൂക്ഷമായ സാഹചര്യത്തിലാണ് തീരുമാനം. ഇതിലൂടെ മേഖലയിൽ ഇസ്രായേലി കുടിയേറ്റക്കാരുടെ സാന്നിധ്യം ഗണ്യമായി വർധിപ്പിക്കുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&